ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ തീരമേഖലയിൽ ഉണ്ടായ പ്രതിഭാസത്തെക്കുറിച്ച് കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം, തൃശ്ശൂരിലെ കെ.എഫ്.ആർ.ഐ. എന്നീ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ട്. അവരുടെ നിഗമനങ്ങളും അതുപോലെ മറ്റ് സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളും പരിശോധിച്ച് വരികയാണ്.

## എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ്

**54 (2870)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഇതുവരെ നിയമനം നൽകി ; വിവിധ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് 27-1-2011-നാണ് നിലവിൽ വന്നത്. പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 26-7-2015-ന് അവസാനിക്കും.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 40 പേർക്ക് നിയമനം നൽകി. വിഭാഗങ്ങൾ തിരിച്ച കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| ജനറൽ | 5 |
| ഈഴവ | 11 |
| പട്ടികജാതി | 5 |
| മുസ്ലീം | 6 |
| ഒ.ബി.സി. | 8 |
| എസ്.യു.സി.ഐ. നാടാർ | 2 |
| വിശ്വകർമ്മ | 2 |
| എൽ.സി. | 1 |
| ആകെ | 40 |

LIBRARY ARCHIVES Kerala Legislative Assembly